(ബി) ഹാർബറിന്റെ വികസനവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ :

(സി) ഫിഷിംഗ് ഹാർബറിന്റെ പണി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുവരെ 2344.078 ലക്ഷം രൂപ ചെലവഴിച്ചു. ഇനി 2850 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(ബി) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതിയിലെ പ്രധാന ഘടകങ്ങളിലൊന്നായ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 1600 മീറ്റർ നീളത്തിൽ നിർമ്മിക്കേണ്ട വടക്കേപുലിമുട്ട് 1118 മീറ്റർ നീളത്തിലും 915 മീറ്റർ നീളത്തിൽ നിർമ്മിക്കേണ്ട തെക്കേപുലിമുട്ട് 850 മീറ്റർ നീളത്തിലും ഇതുവരെ നിർമ്മിച്ചിട്ടുണ്ട്. വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണത്തിനും റിക്ലമേഷൻ പ്രവൃത്തിക്കും വേണ്ടി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാന്റീൻ, പ്രൊവിഷൻ സ്റ്റോർ എന്നിവയുടെ നിർമ്മാണത്തിന് ദർഘാസുകൾ ക്ഷണിച്ചു. റോഡുകൾ പാർക്കിംഗ് ഏരിയ, ഓവുചാൽ, ജലവിതരണം എന്നിവയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി. കൂടാതെ ഡ്രഡ്ജലിംഗ്, ഓഫീസ് കെട്ടിടം, ഗസ്റ്റ് ഹൗസ് ഗേറ്റും ഗേറ്റ് ഹൗസും നിലവിലുള്ള ഘടകങ്ങളുടെ പുനരുദ്ധാരണം കോമ്പൗണ്ട് വാൾ, ടോയ്‌ലെറ്റ് ബ്ലോക്ക് ഡ്രെയിനേജ്, സീവേജ്, ജലവിതരണത്തിനുള്ള കിണറുകൾ വൈദ്യുതീകരണം, ഗ്രീൻബെൽറ്റ് നാവിഗേഷണൽ, എയ്ഡ്സ് എന്നീ പ്രവൃത്തികളും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതിയിലെ പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളുടേയും നിർമ്മാണം 31-3-2011-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഡവലപ്പ്മെന്റ് പ്രോജക്ട്

234 (1892) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.പി. (ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഡവലപ്പ്മെന്റ് പ്രോജക്ട്) പ്രകാരം അരൂർ മണ്ഡലത്തിൽ നിന്നും എത്ര രൂപയുടെ ശിപാർശകളാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) അതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് വന്നത് ;

(സി) വാട്ടർ അതോറിറ്റി നൽകിയ ശിപാർശകളൊഴിച്ച് ഒരു പദ്ധതിപോലും അരൂർ മണ്ഡലത്തിൽ നിന്നും പരിഗണിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എത്ര നിർദ്ദേശങ്ങളാണ് അരൂർ മണ്ഡലത്തിൽ നിന്നും നൽകിയത് ; ഏതെല്ലാം :

(ഇ) ഇതിൽ ഒന്നിനുപോലും ഭരണാനുമതി നൽകാതിരുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ :

(എഫ്) അരൂരിലെ തീരപ്രദേശത്ത് ഒരു സർക്കാർ സ്കൂൾ പോലും ഇല്ലാത്ത സാഹചര്യം പരിഗണിച്ച് ദരിദ്ര മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങളും സ്കൂൾ ഗ്രൗണ്ടുകളും സ്ഥാപിക്കുന്നതിന് ഈ പദ്ധതിയിൽപ്പെടുത്തി സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ :

(ജി) ഈ പദ്ധതിയിൽ അരൂർ മണ്ഡലത്തിന് പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐ.സി.ഡി.പി. പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ നിന്നും 84.245 ലക്ഷം രൂപയ്ക്കുള്ള ശിപാർശകളാണ് ലഭിച്ചത്. ശിപാർശകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (എ)-യായി നൽകുന്നു.*

(ബി) വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശങ്ങൾ അനുബന്ധം (ബി)-യായി കൊടുക്കുന്നു.*

(സി) അരൂർ മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി നൽകിയ പദ്ധതിക്ക് 26.13 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയതിനോടൊപ്പം കുത്തിയതോട് പഞ്ചായത്തിൽ ചാപ്പക്കടവ് ഗൈഡ്ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കൂടി പരിഗണിച്ച് 1.25 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള 9 നിർദ്ദേശങ്ങളാണ് അരൂർ മണ്ഡലത്തിൽ നിന്നും ലഭിച്ചത്.

പഞ്ചായത്ത് വാർഡ്	പദ്ധതി	തുക
(1)	(2)	(3)
1. കടക്കരപ്പള്ളി	1-ൽ കുരിശ്ശിങ്കൽ കാന നിർമ്മാണം	3,50,000
2. തുറവൂർ	17-ൽ മത്സ്യത്തൊഴിലാളികൾക്ക് ഷട്ടർ	4,10,000
3. തുറവൂർ	17-ൽ കാനനിർമ്മാണം	4,37,500
4. പട്ടണക്കാട്	18-ൽ കാനനിർമ്മാണം	4,36,000
5. പട്ടണക്കാട്	16-ൽ ചെന്നിയാശ്ശേരി മുതൽ പൊഴിച്ചാൽ വരെ കാന നിർമ്മാണം	3,11,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
6. പട്ടണക്കാട്	11-ൽ ബി.ബി.എം.എൽ.പി.എസ്. ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തൽ	3,60,000
7. കുത്തിയതോട്	പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്. ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തൽ, കാന ഡ്രെയിനേജ് സ്കൂളിന് സമീപമുള്ള തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ	8,05,000
8. പള്ളിത്തോട്	പി.എച്ച്.സി.-ക്ക് അനുവദിച്ച ഐ.പി. ബ്ലോക്കിന് കെട്ടിട നിർമ്മാണം	15,00,000
9.ജനറൽ	(മൊബൈൽ മാവേലി സ്റ്റോർ)	12,00,000

(ഇ) അരൂർ മണ്ഡലത്തിൽ നിന്നും നൽകിയ നിർദ്ദേശങ്ങളിൽ ഏറ്റവും കൂടുതൽ തുകയായ 26.13 ലക്ഷം രൂപയ്ക്കുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്..

(എഫ്) ആലപ്പുഴ ജില്ലയിൽ സമഗ്രതീരദേശ വികസന പദ്ധതി പ്രകാരം സ്കൂളുകൾക്കായി ആകെ 7.34295 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിപോലെയുള്ള അവശ്യ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്.

(ജി) തീരപ്രദേശങ്ങളുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ബൃഹത്തായ വികസന പദ്ധതിയായ സമഗ്ര തീരപ്രദേശ വികസന പദ്ധതി പ്രകാരം ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങൾക്ക് കൂടുതൽ പരിഗണന നൽകി വരുന്നുണ്ട്.

ചിറയിൻകീഴ് സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം

235 (1993) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് അപകടാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) പുതിയ രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് തുക അനുവദിച്ച കൂട്ടത്തിൽ പ്രസ്തുത രജിസ്ട്രേഷൻ ഓഫീസ് ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly